10. ജനപങ്കാളിത്തത്തോടെ വനസംരക്ഷണം ഉറപ്പുവരുത്തുക.

64 (1105) അന്തർ സംസ്ഥാന സർവ്വീസുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ തമിഴ്നാട്ടിലേയ്ക്ക് തുടങ്ങിയ സർവ്വീസുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) കർണ്ണാടക സ്റ്റേറ്റിലേയ്ക്ക് തുടങ്ങിയ സർവ്വീസുകൾ എത്ര യാണ്;

(ഡി) ഇതിൽ എത്ര സർവ്വീസുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ഇ) എത്ര എണ്ണം നഷ്ടത്തിൽ ഓടുന്നു;

(എഫ്) നഷ്ടത്തിൽ ഓടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കുമായി 50 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മുപ്പത്തിമൂന്ന് സർവ്വീസുകൾ

1. ആലപ്പുഴ-തെങ്കാശി
2. ആലുവ-പൊള്ളാച്ചി
3. ചങ്ങനാശ്ശേരി-തെങ്കാശി
4. ചിറ്റൂർ-കോയമ്പത്തൂർ
5. ചിറ്റൂർ-പൊള്ളാച്ചി
6. കണ്ണൂർ-മധുര
7. കോട്ടയം-തെങ്കാശി
8. ചങ്ങനാശ്ശേരി-വേളാങ്കണ്ണി

കോട്ടയം

9. മലപ്പുറം-ഊട്ടി-ഗൂഡല്ലൂർ
10. കോഴിക്കോട്-ദേവല
11. കോഴിക്കോട്-ഗൂഡല്ലൂർ
12. മൂന്നാർ-കംപം
13. മൂന്നാർ-പാലക്കാട്
14. മൂന്നാർ-പളനി
15. മൂന്നാർ-തേനി

LIBRARY ARCHIVES Kerala Legislative Assembly

16. മൂന്നാർ-ഉടുമൻപേട്
17. പാലക്കാട്-കോയമ്പത്തൂർ (അഡീഷണൽ)
18. പാലക്കാട്-പൊള്ളാച്ചി (കൊഴിഞ്ഞാംപാറ)
19. പാലക്കാട്-പൊള്ളാച്ചി (ചിറ്റൂർ)
20. പാലക്കാട്-പൊള്ളാച്ചി (ഇരട്ടക്കുളം)
21. പാലക്കാട്-പൊള്ളാച്ചി (കൊടുവായൂർ)
22. പാലക്കാട്-പൊള്ളാച്ചി (ചാറ)
23. പത്തനംതിട്ട-കോയമ്പത്തൂർ
24. പൊന്നാനി-കോയമ്പത്തൂർ
25. പുനലൂർ-അച്ചൻകോവിൽ
26. സുൽത്താൻബത്തേരി-ചേരംപാടി
27. സുൽത്താൻബത്തേരി-ഗൂഡല്ലൂർ (അഡീഷണൽ)
28. തൃശ്ശൂർ-പളനി
29. തൃശ്ശൂർ-പൊള്ളാച്ചി (പുത്തൂർ)
30. തൃശ്ശൂർ-പൊള്ളാച്ചി (മീനാക്ഷിപുരം)
31. തൃശ്ശൂർ-പൊള്ളാച്ചി (കൊല്ലംകോട്)
32. പാലക്കാട്-കോയംപത്തൂർ-പറശ്ശിനിക്കടവ്
33. തൃശ്ശൂർ-ഗൂഡല്ലൂർ

(സി) പതിനേഴ് സർവ്വീസുകൾ

1. തിരുവനന്തപുരം-മംഗലാപുരം
2. ഈരാറ്റുപേട്ട-ബാംഗ്ലൂർ
3. പാലക്കാട്-ബാംഗ്ലൂർ
4. കോഴിക്കോട്-വടകര-മണിപ്പാൽ
5. കാസർഗോഡ്-ബാംഗ്ലൂർ
6. കണ്ണൂർ-ധർമ്മസ്ഥല
7. കാസർഗോഡ്-മംഗലാപുരം
8. കാസർഗോഡ്-സുബ്രഹ്മണ്യ
9. കാസർഗോഡ്-ഒമാർക്കാറ
10. പയ്യന്നൂർ-ബാംഗ്ലൂർ
11. കണ്ണൂർ-മൈസൂർ(വിരാച്പേട്ട്)
12. കണ്ണൂർ-മൈസൂർ (ആവലി)
13. തിരുവനന്തപുരം-ബാംഗ്ലൂർ - (2)
14. മലപ്പുറം-ബാംഗ്ലൂർ
15. വടകര-ബാംഗ്ലൂർ
16. ആലപ്പുഴ-ബാംഗ്ലൂർ

1133/2010.

LIBRARY ARCHIVES Kerala Legislative Assembly

17. കൊട്ടാരക്കര-തിരുവനന്തപുരം-ബാംഗ്ലൂർ

(ഡി)-(എഫ്) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

**65 (1106) അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് എഗ്രിമെന്റ്**

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് ഗവൺമെന്റുമായി 27.9.99 ൽ ഉണ്ടാക്കിയ അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് എഗ്രിമെന്റ് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് എതിരാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ എഗ്രിമെന്റുമൂലം സംസ്ഥാനത്തിന് ഒരു വർഷം എത്ര നഷ്ടമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര;

(ഇ) സംസ്ഥാനത്തിനു ദോഷകരമായ എഗ്രിമെന്റ് ആണെങ്കിൽ അതുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(എഫ്) ഇതു പരിഹരിച്ചു സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരും തമിഴ്നാട് ഗവൺമെന്റും തമ്മിൽ ഉഭയകക്ഷി ചർച്ചയിലൂടെ രൂപം കൊടുത്തതാണ് 27.9.99-ൽ ഉണ്ടാക്കിയ അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് എഗ്രിമെന്റ്. പ്രസ്തുത എഗ്രിമെന്റ് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനു എതിരാണെന്ന പരാതി ശരിയല്ല. സംസ്ഥാനത്തിന്റെ താൽപ്പര്യംകൂടി കണക്കിലെടുത്താണ് എഗ്രിമെന്റ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത എഗ്രിമെന്റ് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് എതിരാണെന്ന പരാതി ശരിയല്ലാത്തതിനാൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ല.

(സി) അത്തരത്തിലുള്ള ഒരു കണക്ക് എടുത്തിട്ടില്ല. ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ ഏറിയ പങ്കും വരുമാനം കൂടുതൽ ലഭിക്കുന്നവയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംസ്ഥാനത്തിനു ദോഷകരമായ എഗ്രിമെന്റ് അല്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾകൂടി പരിഗണിച്ച് ഇരു സംസ്ഥാന ഗവൺമെന്റുകളും തമ്മിൽ ചർച്ച ചെയ്തെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എഗ്രിമെന്റ് പുനഃപരിശോധിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly